Lady Sub-Assistant Surgeon in Cranganur.

270. മിസ്റ്റർ എ. കെ. കുഞ്ഞുമൊയ്തീൻ.—(a)കൊടുങ്ങല്ലൂർ ആസ്പത്രിയിൽ ഒരു ലേഡി സബ്ബ് അസിസ്റ്റണ്ട് സർജനെ ഉടനെ നിയമിച്ചു കിട്ടണമെന്ന അപേക്ഷിച്ചു ഗവർമ്മെണ്ടിനു വല്ല ഹർജികളും കിട്ടീട്ടുണ്ടോ;

(b) ആ അപേക്ഷക്കു മറുപടി കൊടുക്കുകയുണ്ടായോ; ഇല്ലെങ്കിൽ കാരണമെന്തു?

രാമവർമ്മ തമ്പുരാൻ.—(a) ഉവ്വ്.

(b) ഇല്ല. സ്പെഷ്യൽ ഫൈനാൻസ് കമ്മിറ്റിയുടെ റിപ്പോർട്ടിൽ ഉത്തരവായതിന്റെ ശേഷം ഈ അപേക്ഷയെപ്പറ്റി ആലോചിക്കാമെന്നു തീർച്ചയാക്കിയതിനാൽ മറുപടി കൊടുത്തിട്ടില്ല.

മിസ്റ്റർ എ. കെ. കുഞ്ഞുമൊയ്തീൻ.—ബി. ഈ വിവരം കാണിച്ചു ഒരു മറുപടി കൊടുപ്പാനെന്തായിരുന്നു വിരോധം?

പ്രസിഡെണ്ട്.—കൊടുക്കണം എന്നു ഗവർമ്മെണ്ടിനു തോന്നിയില്ല.

രാമവർമ്മ തമ്പുരാൻ.—കൊടുത്തിട്ടില്ല എന്നു മെമ്പറിന്നു നിശ്ചയമുണ്ടോ?

മിസ്റ്റർ എ. കെ. കുഞ്ഞുമൊയ്തീൻ.—അങ്ങിനെ ഉത്തരത്തിലുണ്ട്.

Complaint against the aminadar at Chennamangalam.

271. മിസ്റ്റർ എ. കെ. കുഞ്ഞുമൊയ്തീൻ.—(a) ചേന്ദമംഗലം അമീനദാരെക്കുറിച്ചു ഫ്രാർ കക്കടകത്തിൽ വല്ല ആക്ഷേപങ്ങളും കിട്ടീട്ടുണ്ടോ;

(b) ഉണ്ടെങ്കിൽ ആ കാര്യങ്ങൾ എങ്ങിനെ തീരുമാനിച്ചുവെന്നു പറയുമോ?

മിസ്റ്റർ ടി. വി. രാമലിംഗയ്യർ.—(a) ഉവ്വ്.

(b) ഇനിയും തീരുമാനമായിട്ടില്ല.

Cranganur Boys' High School strike.

272. മിസ്റ്റർ എ. കെ. കുഞ്ഞുമൊയ്തീൻ.—കൊടുങ്ങല്ലൂർ ബോയിസ് ഹൈസ്കൂളിലെ വഴക്കുസംബന്ധിച്ചു ഡയറക്ടർ അവർകളുടെ പ്രൊസീഡിങ്ങ്സ് എന്താണെന്നു പറയുമോ?

റാവു സാഹിബ്ബ് മിസ്റ്റർ സി. മത്തായി.—വഴക്കിൽ സംബന്ധിച്ചു രണ്ടു അദ്ധ്യാപകന്മാരെ സ്ഥലം മാറ്റീട്ടുണ്ട്.

മിസ്റ്റർ എ. കെ. കുഞ്ഞുമൊയ്തീൻ.—ഇതിൽ രണ്ടുപേർ കൂടാതെ മറെറല്ലാവരും ഉൾപ്പെട്ടിട്ടുണ്ടോ?

റാവു സാഹിബ്ബ് മിസ്റ്റർ സി. മത്തായി.—മുഴുവൻ അന്വേഷണം കഴിഞ്ഞിട്ടില്ല. കഴിഞ്ഞിടത്തോളം ഇവരാണ്.

President.—I just want to speak to you, Mr. Ramachandra Ayyar. I have received information that the Superintendent of Agriculture will not be coming. Some of your questions have been reserved for his return. He is not returning. Will you kindly repeat those questions as fresh questions, so that in the next meeting we can give the answers?

Mr. T. A. Ramachandra Ayyar.—Yes.

LIBRARY ARCHIVES Kerala Legislative Assembly